## പതിമൂന്നാം കേരളനിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.358 — 10.04.2013-ൽ മറുപടിക്ക്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.സി. രവീന്ദ്രനാഥ്<br>ശ്രീ.കെ.ദാസൻ<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.കെ.കുഞ്ഞമ്മദ് മാസ്റ്റർ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ; | (എ) 18.08.2012-ലെ സ.ഉ (എം.എസ്)നം.225/12/ തസ്വഭവ നമ്പർ ഉത്തരവായി പുറപ്പെടുവിച്ച പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും തയ്യാറാക്കുന്ന വികസനരേഖയെ അടിസ്ഥാനമാക്കി പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്തേക്കുള്ള (2012-17) പഞ്ചവത്സര പദ്ധതിയും 5 വർഷത്തേക്കുള്ള പദ്ധതിക്കായി ഏറ്റെടുക്കാവുന്ന പ്രോജക്ടുകളുടെ സംഗ്രഹവും വർഷം തിരിച്ചും മുൻഗണന അനുസരിച്ചും മേഖല തിരിച്ചും തയ്യാറാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഭക്ഷ്യവിളകൾ, പാൽ, മുട്ട, മാംസം, മത്സ്യം എന്നിവയുടെ ഉല്പാദനം മെച്ചപ്പെടുത്തുന്നതിലും ഉല്പന്നങ്ങളുടെ സംസ്കരണം, വിപണനം എന്നീ സംവിധാനങ്ങളിലും തദ്ദേശഭരണ സ്ഥാപനങ്ങൾ മുന്തിയ പരിഗണന നൽകണം. പരിസ്ഥിതിയുടെയും പ്രകൃതി വിഭവങ്ങളുടെയും സംരക്ഷണത്തിനും സ്ഥായിയായ നിലനിൽപിനും പ്രത്യേക പരിഗണന നൽകണം. മാനവ വികസനത്തിന് നിദാനമായ ആരോഗ്യം, വിദ്യാഭ്യാസം, സ്ഥായിയായ തൊഴിൽ എന്നീ മേഖലകളിൽ പ്രത്യേക ഊന്നൽ നൽകണം. ജീവിത ഗുണനിലവാരം ഉയർത്തുന്നതിനുവേണ്ട അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേക പരിഗണന നൽകണം. സേവന പ്രദാന സംവിധാനത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തണം. സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ, പട്ടികജാതിക്കാർ, പട്ടിക വർഗ്ഗക്കാർ, പരമ്പരാഗത മത്സ്യത്തൊഴിലാളികൾ, പരമ്പരാഗത തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്നവർ എന്നിവർക്ക് പ്രത്യേക പരിഗണന നൽകണം.<br>ആസ്തികളുടെ സംരക്ഷണത്തിനും പരിപാലനത്തിനും മുന്തിയ പരിഗണന നൽകണം. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്ഥാപനങ്ങളും പഞ്ചവൽസര പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; പഞ്ചവൽസര പദ്ധതിയ്ക്ക് രൂപം നൽകേണ്ട അവസാന തീയതി എന്നായിരുന്നു; | (ബി) | സംസ്ഥാനത്തെ എല്ലാ തദ്ദേശസ്ഥാപനങ്ങളും പഞ്ചവൽസര പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പഞ്ചവൽസര പദ്ധതിയ്ക്ക് രൂപം നൽകേണ്ട അവസാന തീയതി 2012 സെപ്റ്റംബർ 7 ആണെന്ന് പദ്ധതി മാർഗ്ഗരേഖ പ്രകാരം അറിയിച്ചിരുന്നെങ്കിലും പിന്നീട് സമയപരിധി 2012 സെപ്റ്റംബർ 15 വരെ ദീർഘിപ്പിച്ച് നൽകുകയുണ്ടായി. |
| (സി) | പഞ്ചവൽസര പദ്ധതി തുകയുടെ എത്ര ശതമാനം തുക ഒന്നാം വാർഷിക പദ്ധതി കാലത്ത് യഥാർത്ഥത്തിൽ ചെലവഴിക്കുകയുണ്ടായി; അടങ്കൽ എത്രയായിരുന്നു; | (സി) | പഞ്ചവത്സര പദ്ധതിയുടെ ഒന്നാം വർഷ വികസന ഫണ്ട് അടങ്കൽ 3228 കോടി രൂപയായിരുന്നു. ഇതിൽ ഗ്രാമപഞ്ചായത്തുകൾ 73.15 ശതമാനവും ബ്ലോക്ക് പഞ്ചായത്തുകൾ 82 ശതമാനവും ജില്ലാ പഞ്ചായത്തുകൾ 70 ശതമാനം മുതൽ 80 ശതമാനം വരെയും മുനിസിപ്പാലിറ്റികൾ 64 ശതമാനവും കോർപ്പറേഷനുകൾ 63 ശതമാനം തുകയുമാണ് ഒന്നാം വാർഷിക പദ്ധതി കാലത്ത് യഥാർത്ഥത്തിൽ ചെലവഴിക്കുകയുണ്ടായത്. |
| (ഡി) | രണ്ടാം വാർഷിക പദ്ധതിയുടെ പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടാനുള്ള അവസാന തീയതി എന്നായിരുന്നു; അത് നീട്ടി കൊടുത്തിട്ടുണ്ടോ; എത്ര ശതമാനം തദ്ദേശസ്ഥാപനങ്ങൾ കാലാവധിക്കുമുമ്പ് പ്രോജക്ടുകൾക്ക് അനുമതി നേടുകയുണ്ടായി; വിശദമാക്കാമോ? | (ഡി) | രണ്ടാം വാർഷിക പദ്ധതിയുടെ പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടാനുള്ള അവസാന തീയതി 2013 മാർച്ച് 25 എന്നാണ് തീരുമാനിച്ചിരുന്നത്. ഇത് 2013 മേയ് 31 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ഒമ്പത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതുവരെ പ്രോജക്ടുകൾക്ക് അനുമതി നേടിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**